പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 808. 30/06/2011-ൽ മറുപടിയ്ക്ക്

മൂലമ്പള്ളി സമരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) മൂലമ്പള്ളി സമരം ആരംഭിച്ചത് എന്നാണ് ; സമരക്കാരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ; എത്ര കുടുംബങ്ങൾ സമരത്തിൽ പങ്കെടുത്തു ; എത്ര നാൾ സമരം നീണ്ടു നിന്നു ; വിശദാംശങ്ങൾ നൽകുമോ ; | എ) 2008 ഫെബ്രുവരിയിലാണ് മൂലമ്പള്ളി സമരം ആരംഭിച്ചത്. പുനരധിവാസമായിരുന്നു അവരുടെ പ്രധാന ആവശ്യം. 9 കുടുംബങ്ങളാണ് പൊന്നുംവില നടപടിയിലൂടെ ഒഴിപ്പിക്കപ്പെട്ടത്. 2011 ജൂൺ 6 നു ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതു വരെ ഈ സമരം വിവിധ രൂപത്തിൽ തുടർന്നു വരികയായിരുന്നു. |
| ബി) പ്രസ്തുത സമരം ഒത്തു തീർക്കാൻ സാധിച്ചുവോ ; എങ്കിൽ സർക്കാർ മുന്നോട്ടു വച്ച ഒത്തുതീർപ്പ് പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) സാധിച്ചു. 06.06.11 നു നടന്ന ചർച്ചയുടെ നടപടി കുറിപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. |
| സി) നാടിന്റെ വികസനത്തിനു വേണ്ടി വീടും കിടപ്പാടവും വിട്ടുനൽകി വികസന പ്രക്രിയയിൽ പങ്കാളികളാകുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുന്ന ഒരു നയം ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) വീട് നഷ്ടപ്പെടുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പു വരുത്തുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**മൂലമ്പിള്ളി പാക്കേജിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 06.06.2011 12 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗം 12 മണിക്ക് ആരംഭിച്ചു.

യോഗത്തിൽ ബഹു: മുഖ്യമന്ത്രിയെ കൂടാതെ ബഹു: കേന്ദ്ര മന്ത്രി ശ്രീ.കെ.വി.തോമസ്, ബഹു: റവന്യു, ധനകാര്യവും നിയമവും, ജലസേചനം, വൈദ്യുതി, എക്സൈസും പോർട്ട്സും വകുപ്പു മന്ത്രിമാരും കൂടാതെ അനുബന്ധമായി ചേർക്കുന്ന ലിസ്റ്റിലെ പ്രമുഖരും പങ്കെടുത്തു.

മൂലമ്പിള്ളി പ്രശ്നത്തിന് പ്രായോഗികമായ പരിഹാരം കണ്ടെത്തുന്നതിനായി എല്ലാപേരുടേയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് ബഹു: മുഖ്യമന്ത്രി യോഗ നടപടികൾക്ക് തുടക്കം കുറിച്ചു.

കോ-ഓർഡിനേഷൻ കമ്മിറ്റിയെ പ്രതിനിധീകരിച്ചു കൊണ്ട് ശ്രീ.ഫ്രാൻസീസ് കളത്തുങ്കൽ ബന്ധപ്പെട്ട പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ആയത് വിശദമായി ചർച്ച ചെയ്ത് താഴെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

മേൽ പറഞ്ഞ പാക്കേജിൽ ഉൾക്കൊള്ളുന്ന വിവരം ഇപ്രകാരമാണ്.

കുടിയൊഴിപ്പിക്കപ്പെട്ട ആകെ 326 കുടുംബങ്ങളിൽ 299 പേർക്ക് പുനരധിവാസത്തിനായി ഭൂമി അനുവദിച്ചിട്ടുള്ളതും ഇതിൽ 287 പേർക്ക് പട്ടയം ലഭിച്ചിട്ടുള്ളതും ബാക്കി 12 പേർക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതുമാണ്.

**തീരുമാനം**

1. 12 കുടുംബങ്ങൾക്ക് നിഷേധിക്കപ്പെട്ട പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ ജില്ലാ കളക്ടർ കൈക്കൊള്ളുന്നതും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ ഫയൽ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കുന്ന മുറയ്ക്ക് അവ വിതരണം ചെയ്യുന്നതുമാണ്.

2. ഡി.എൽ.പി. സി നിരക്ക് സ്വീകരിച്ച 4 പേർക്ക് അവർ സ്വയം കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.
3. മേൽപ്പറഞ്ഞ 12 പേർക്കും മറ്റുള്ളവർക്ക് കിട്ടിയ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. ഇതിലേക്കായി അവർ എൽ.എ. ആക്ട് പ്രകാരം സ്വീകരിച്ച ആനുകൂല്യങ്ങൾ വേണ്ടെന്നു വയ്ക്കുവാനും ഡി.എൽ.പി.സി. നിരക്കിലേയ്ക്ക് മാറുന്നതിനായി കോടതി മുൻപാകെ സത്യവാങ്മൂലം സമർപ്പിക്കേണ്ടതുമാണ്.
4. പുനരധിവാസത്തിനായി കണ്ടെത്തിയ 10 കേന്ദ്രങ്ങളിലേയ്ക്ക് വെള്ളം, വെളിച്ചം, റോഡ്, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾ ഓരോ കോമൺ പോയിന്റിലും എത്തിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.
5. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരാത്തവിധം അനുയോജ്യമായ വേലി ഉറപ്പ് വരുത്തുന്നതാണ്. മാത്രമല്ല പ്രസ്തുത പ്രദേശത്തിന് അനുയോജ്യമായ പൈലിംഗിനുള്ള തുക സർക്കാർ അനുവദിക്കുന്നതുമാണ്. ഈ തുക കുടുംബം ഒന്നിന് 75,000 രൂപ വീതം നൽകുന്നതുമാണ്.
6. കുടിശ്ശികയുള്ള 27 മാസക്കാലത്തേയ്ക്കും ഇന്നേ ദിവസം മുതൽ കെട്ടിടങ്ങളുടെ പണി പൂർത്തിയാകുന്നതു വരെയുള്ള കാലത്തേയ്ക്ക് മാസം ഒന്നിന് 5,000 രൂപ വീതം വാടകയിനത്തിൽ നൽകുന്നതാണ്. ഈ ആനുകൂല്യം അടിസ്ഥാന സൗകര്യം ഒരുക്കിയതു മുതൽ ആറു മാസത്തേയ്ക്കായി നിയന്ത്രിക്കുന്നതാണ്.
7. നഷ്ടപരിഹാരത്തുകയ്ക്ക് 12% കേന്ദ്ര വരുമാന നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.
8. ബാങ്ക് വായ്പയ്ക്കായി പട്ടയ വ്യവസ്ഥയിൽ ഇളവ് വരുത്തുന്നതാണ്.

9. കിടപ്പാടം നഷ്ടപ്പെട്ട മേൽപ്പടി കുടുംബങ്ങളിലെ ഒരു അംഗത്തിന് വീതം വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് തൊഴിൽ നൽകുന്നതിന് ബഹു: കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രി പ്രൊഫ: കെ.വി.തോമസും, ബഹു: റവന്യൂ വകുപ്പ് മന്ത്രിയും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ചർച്ച നടത്തി പ്രശ്ന പരിഹാരം ഉണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്.

10. അക്രമം, പൊതു മുതൽ നശിപ്പിക്കൽ ഒഴികെയുള്ള കേസുകൾ ഉടൻ തന്നെ പിൻവലിക്കുന്നതാണ്. മറ്റുള്ള കേസുകളുടെ ഗൗരവം കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

11. തൊഴിൽ സ്ഥാപനം നഷ്ടപ്പെട്ട ജോയി ജോൺ, ജോൺ ജോസഫ് എന്നിവർക്ക് വ്യാപാരം നടത്തുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതാണ്.

12. ഈ നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതും പ്രസ്തുത കമ്മിറ്റി മാസം തോറും വിലയിരുത്തേണ്ടതും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്.

Section Officer